I/89363/2024

കേരള സർക്കാർ

**കേരള ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം, തിരുവനന്തപുരം**

വിഷയം:- ഫിഷറീസ് – ജീവനക്കാര്യം – ശ്രീ.ആന്റണി.പി.വി, ഓഫീസ് അറ്റൻഡന്റ് - 20 വർഷത്തെ ശൂന്യവേതന അവധിയുടെ കാലാവധി കഴിഞ്ഞു ജോലിയിൽ തിരികെ പ്രവേശിക്കാത്തത് - അച്ചടക്ക നടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ഫിഷറീസ് ഡയറക്ടറുടെ 04/06/2003-ലെ A3/4644/03(1) നമ്പർ നിയമന ഉത്തരവ്
2) 28/06/2003-ലെ സ.ഉ(സാധാ) 310/2003/മ.തു.വ നമ്പർ സർക്കാർ ഉത്തരവ്
3) 15/09/2009-ലെ സ.ഉ (സാധാ) 248/2009/മ.തു.വ നമ്പർ സർക്കാർ ഉത്തരവ്
4) ഫിഷറീസ് ഡയറക്ടറുടെ 16/06/2013-ലെ എ3/8051/13 നമ്പർ ഉത്തരവ്
5) ഫിഷറീസ് ഡയറക്ടറുടെ 20/12/2017-ലെ എ3/19522/17 നമ്പർ ഉത്തരവ്
6) 01/08/2023 തീയതി രേഖപ്പെടുത്തി ശ്രീ.ആന്റണി.പി.വി-ക്ക് നൽകിയ DFTVM/2592/2023-ജെ1 നമ്പർ ചാർജ് മെമ്മോ
7) ഫിഷറീസ് ഡയറക്ടറുടെ 18/08/2023-ലെ DFTVM/2592/2023-J1 നമ്പർ ഉത്തരവ്
8) ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 13/10/2023-ലെ DDALP/465/2023-A നമ്പർ കത്ത്
9) 30/11/2023 തീയതി രേഖപ്പെടുത്തി ശ്രീ.ആന്റണി.പി.വി-ക്ക് നൽകിയ DFTVM/2592/2023-ജെ1 നമ്പർ നോട്ടീസ്
10) ഈ ഓഫീസിലെ 16/01/2024-ലെ DFTVM/2592/2023-ജെ1 നമ്പർ കത്ത്
11) ദിനപത്രങ്ങളിൽ 19/01/2024-ൽ പ്രസിദ്ധീകരിച്ച അനുബന്ധം എച്ച്-5 നോട്ടീസ്

***ഉത്തരവ് നമ്പർ .DFTVM/2592/2023-ജെ1 തീയതി:06-03-2024***

ശ്രീ.ആന്റണി.പി.വി, കേരള പബ്ലിക് സർവീസ് കമ്മീഷൻ വയനാട് ജില്ലാ ഓഫീസിലെ 23/05/2003 തീയതിയിലെ WI(1)2081/96(1) നമ്പർ നിയമനോപദേശ കത്ത് പ്രകാരം പരാമർശം(1) അനുസരിച്ച് തിരുവനന്തപുരം ഫിഷറീസ് ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമിതനാവുകയും 23/06/2003 FN തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടി തസ്തികയിൽ ജോലി നോക്കി വരവെ ടിയാന്റെ അപേക്ഷ പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XII-A യിലെ നിബന്ധനകൾക്ക് വിധേയമായി വിദേശത്ത് മെച്ചപ്പെട്ട ജോലിയിൽ പ്രവേശിക്കുന്നതിന് പരാമർശം(2) പ്രകാരം 02/07/2003 മുതൽ 5 വർഷത്തെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവാകുകയും 02/07/2003 തീയതിയിൽ ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു.

ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകണമെന്ന ശ്രീ.ആന്റണി.പി.വി-യുടെ അപേക്ഷ പരിഗണിച്ച് പരാമർശം(3) പ്രകാരം 02/07/2008 മുതൽ 5 വർഷത്തേക്കും പരാമർശം(4) പ്രകാരം 02/07/2013 മുതൽ 5 വർഷത്തേക്കും വീണ്ടും പരാമർശം(5) പ്രകാരം 02/07/2018 മുതൽ 01/07/2023 വരെ 5

വർഷത്തേക്കും (ആകെ 20 വർഷം ) ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകി.

ശ്രീ.ആന്റണി.പി.വി, ഓഫീസ് അറ്റൻഡന്റിനു അനുവദിച്ച ശൂന്യവേതന അവധിയുടെ കാലാവധി അവസാനിച്ചതിനാൽ അടിയന്തിരമായി ജോലിയിൽ ഹാജരാകേണ്ടതാണെന്നും അല്ലാത്ത പക്ഷം 30/12/2020-ലെ 83/2020/ധന സർക്കുലറിലെ നിർദ്ദേശ പ്രകാരം KSR ഭാഗം-I അനുബന്ധം XII-A ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് ശ്രീ.ആന്റണി.പി.വി അവധി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസത്തിൽ കത്ത് അയച്ചെങ്കിലും ടി കത്ത് കൈപ്പറ്റാതെ 'addressee out of India and not known' എന്ന് പോസ്റ്റൽ അധികാരികൾ രേഖപ്പെടുത്തി തിരികെ ലഭിച്ചു. ആയതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു പരാമർശം(6) പ്രകാരം ചാർജ് മെമ്മോ അയച്ചുവെങ്കിലും ടി ചാർജ് മെമ്മോയും വിതരണം ചെയ്യപ്പെടാതെ 'Addressee out of India' എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഈ ഓഫീസിലേക്ക് മടക്കി അയക്കുകയാണ് ഉണ്ടായത്.

ശ്രീ.ആന്റണി.പി.വി-യുടെ സേവന പുസ്തകം പരിശോധിച്ചതിൽ 23/06/2003 മുതൽ 02/07/2003 വരെ ആകെ 9 ദിവസം മാത്രം സർക്കാർ സർവീസിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിനാൽ ടിയാൻ ഒരു പ്രൊബേഷണർ ആകുന്നു.

അച്ചടക്ക നടപടിയുടെ അടുത്ത ഘട്ടം എന്ന നിലയിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷന്, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം(7) പ്രകാരം ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ വിചാരണ അധികാരിയായി നിയമിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(8) പ്രകാരം അന്വേഷണ റിപ്പോർട്ട് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ശ്രീ.ആന്റണി.പി.വി ജോലിയിൽ പ്രവേശിക്കാത്തതിന് എന്തെങ്കിലും കാരണം ഉണ്ടെങ്കിൽ പ്രതിവാദ പത്രിക 5 ദിവസത്തിനുള്ളിൽ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ടിയാന് കത്തയച്ചെങ്കിലും addressee out of India എന്ന് രേഖപ്പെടുത്തി തിരികെ ലഭിക്കുകയാണുണ്ടായതെന്നും കൂടാതെ ഫീൽഡ് തലത്തിൽ അന്വേഷണം നടത്തിയപ്പോൾ ടിയാന്റെ മേൽവിലാസത്തിലുള്ള ഭവനം പൂട്ടിക്കിടക്കുകയാണെന്ന് വ്യക്തമായിട്ടുണ്ടെന്നും ശ്രീ.ആന്റണി.പി.വി വിദേശത്താണെന്ന് പ്രദേശവാസികളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും അന്വേഷണ വിചാരണ അധികാരി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരം 20 വർഷത്തെ ശൂന്യവേതന അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കാതെ 02/07/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും കെ.എസ്.ആർ ഭാഗം I അനുബന്ധം XII-A യിലെ വ്യവസ്ഥകളുടെ ലംഘനവുമാണെന്നതിനാലും കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണ പത്രികയിലും ആരോപിച്ചിരിക്കുന്ന പ്രകാരമുള്ള കുറ്റങ്ങൾ തെളിഞ്ഞിട്ടുള്ളതിനാലും ശ്രീ.ആന്റണി.പി.വി ഒരു പ്രൊബേഷണർ ആയതിനാലും 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ , കണ്ട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) അനുസരിച്ച് ശ്രീ.ആന്റണി.പി.വി-യെ 02/07/2023 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനം എടുക്കുകയും പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകാതിരിക്കാൻ ശ്രീ.ആന്റണി.പി.വി-ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ശ്രീ.ആന്റണി.പി.വി-ക്ക് ഒന്നും തന്നെ ബോധിക്കുവാനില്ല എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് പരാമർശം(9) പ്രകാരം ടിയാന് നോട്ടീസ് അയച്ചുവെങ്കിലും ടി നോട്ടീസും വിതരണം ചെയ്യപ്പെടാതെ 'Addressee out of India' എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഈ ഓഫീസിലേക്ക് മടക്കി അയക്കുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ മേൽ നോട്ടീസ് പ്രമുഖ

I/89363/2024

പത്രങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിനായി പരാമർശം(10) പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് അയക്കുകയും അനുബന്ധം എച്ച്-5 നോട്ടീസ് 19/01/2024 തീയതിയിലെ പ്രമുഖ ദിനപത്രങ്ങളിൽ പരാമർശം(11) പ്രകാരവും അനുബന്ധം എച്ച്-4 കാരണം കാണിക്കൽ നോട്ടീസ് noticeboard.kerala.gov.in/others/Disciplinary Action എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. നോട്ടീസ് പ്രസിദ്ധപ്പെടുത്തി നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ടിയാളുടെ ഭാഗത്തുനിന്നും അപ്രകാരമുള്ള വിശദീകരണമൊന്നും ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ടിയാൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ പരാമർശം(9) പ്രകാരമുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കണ്ട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) അനുസരിച്ച് ഫിഷറീസ് ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ആന്റണി.പി.വി-യെ ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 02/07/2023 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും (Removal from Service) അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാവാകുന്നു.

(ഒപ്പ്/-)
ABDUL NASAR.B IAS
DIRECTOR OF FISHERIES

സ്വീകർത്താവ്:
ശ്രീ.ആന്റണി.പി.വി, ചിറ്റയിൽ ഹൗസ്, വയലാർ.പി .ഓ, ചേർത്തല-688536

പകർപ്പ്:

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
2. എ3 സെക്ഷൻ
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ,
Signed by
Jayakumari P
Date: 07-03-2024 10:23:30
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ